# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *228      15.07.2016-ൽ മറുപടിക്ക്

## <u>പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സ്വന്തമായി ഭൂമിയും ഭവനവും</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.എഫ്.തോമസ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ്<br>ഡോ.എൻ.ജയരാജ്** | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് സ്വന്തമായി ഭൂമിയും ഭവനവുമില്ലാത്ത പട്ടികജാതി, പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് അവ ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) സ്വന്തമായി ഭൂമിയും ഭവനവുമില്ലാത്ത പട്ടികജാതി, പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് അവ ലഭ്യമാക്കുന്നതിന് നിലവിലുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു : |

**<u>പട്ടികജാതി</u>**

ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിനുള്ള ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം നൽകി വരുന്ന ധനസഹായം

| ഭൂമി | ധനസഹായം |
|---|---|
| പഞ്ചായത്ത് (5 സെന്റ് സ്ഥലം ) | 3.75 ലക്ഷം രൂപ |
| മുൻസിപ്പാലിറ്റി (3 സെന്റ് സ്ഥലം) | 4.50 ലക്ഷം രൂപ |
| നഗരസഭ (3 സെന്റ് സ്ഥലം) | 6 ലക്ഷം രൂപ |

ഭവന രഹിതരായ പട്ടികജാതിക്കാർക്ക് 3 ലക്ഷം രൂപ ഭവന നിർമ്മാണ ധനസഹായം അനുവദിച്ചു വരുന്നു.

**<u>പട്ടികവർഗ്ഗം</u>**

ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകുന്നതിനായി 'ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം', ആദിവാസി പുനരധിവാസ വികസന മിഷൻ, വനാവകാശ നിയമം 2006, കെ.എസ്.റ്റി ആക്ട് എന്നീ പദ്ധതികളും ഭവനരഹിതർക്കായി ജനറൽ ഹൗസിംഗ് സ്കീം, ഹഡ്കോ ഭവന നിർമ്മാണ പദ്ധതി, എ.റ്റി.എസ്.പി ഭവന നിർമ്മാണ പദ്ധതി എന്നിവയും നടപ്പാക്കി വരുന്നു.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ലക്ഷ്യം മുൻനിർത്തിയുള്ള കർമ്മ പദ്ധതികൾ മുഖേന എത്ര ശതമാനം ലക്ഷ്യത്തിലെത്തുവാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | 2014-15, 2015-2016 വർഷങ്ങളിലായി ഭവനരഹിതരായി കണ്ടെത്തിയ 33,652 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് അനുവദിച്ചിരുന്നു. എന്നാൽ ഇതിൽ 384 വീടുകൾ മാത്രമാണ് പൂർത്തീകരിച്ചത്. ലക്ഷ്യം പൂർത്തീകരിക്കുന്നതിനുള്ള കർമ്മപരിപാടികൾ ഈ സർക്കാർ സ്വീകരിക്കുന്നതാണ്. |
| (സി) | നിലവിൽ വകുപ്പ് മുഖേന സാമ്പത്തിക സഹായം നൽകിയതിൽ പൂർത്തീകരിക്കപ്പെടാത്തതും ജീർണ്ണാവസ്ഥയിലായതുമായ ഭവനങ്ങളുടെ കാര്യത്തിൽ അവയുടെ സ്ഥിതി മെച്ചപ്പെടുത്തി ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനും പുതിയ മുറികൾ കൂട്ടിച്ചേർക്കുന്നതിനും പര്യാപ്തമാകുന്ന വിധത്തിൽ തുക നീക്കി വയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | പട്ടികജാതിക്കാർക്ക് വകുപ്പ് / സർക്കാർ മുഖേന ധനസഹായം നല്കി നിർമ്മിച്ച വീടുകളിൽ 5 വർഷം മുതൽ 25 വർഷം വരെ പഴക്കം ചെന്ന വീടുകളുടെ പുനരുദ്ധാരണത്തിനായി 50,000/- രൂപ ഭവന പുനരുദ്ധാരണ / അഡീഷണൽ റൂം പദ്ധതി പ്രകാരം അനുവദിക്കുന്നു.<br>പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മുമ്പ് ധനസഹായം അനുവദിച്ച് പണി പൂർത്തിയാക്കിയതും, 6 വർഷം കഴിഞ്ഞതുമായ വീടുകളുടെ അറ്റകുറ്റപ്പണി, നവീകരണം , പണി പൂർത്തിയാക്കാത്ത വീടുകൾ വാസയോഗ്യമാം വിധം പൂർത്തീകരിക്കൽ തുടങ്ങിയ പ്രവൃത്തികൾക്കുമായി പരമാവധി 1,00,000/- രൂപ വരെ അനുവദിച്ച് നൽകി വരുന്നു. |
| (ഡി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ട പാവപ്പെട്ടവരും അർഹതയുള്ളവരുമായ മുഴുവൻ കുടുംബങ്ങൾക്കും ഭൂമിയും ഭവനവും ലഭ്യമാക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ? | (ഡി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പാവപ്പെട്ടവരും അർഹതയുള്ളവരുമായ മുഴുവൻ കുടുംബങ്ങൾക്കും ഭൂമിയും ഭവനവും ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ